10090
7/6/19

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഗുരുതരമായ വൃക്കരോഗവും പക്ഷാഘാതവും ബാധിച്ച് മരണപ്പെട്ട കേരള ലളിതകലാ അക്കാദമിയിൽ നിർവ്വാഹക സമിതി അംഗമായിരുന്ന ആർട്ടിസ്റ്റ് രവിശങ്കറിന്റെ ചികിൽസയ്ക്ക് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

## റവന്യൂ (ഡി.ആർ.എഫ് - സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ 160/2019/റവ. തിരുവനന്തപുരം, തീയതി, 01.06.2019.

പരാമർശം: 1. മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിലേയ്ക്ക് ശ്രീ കെ.എ. രാജീവ് സമർപ്പിച്ച 11.03.2019-ലെ അപേക്ഷ.

2. 29.03.2019-ൽ കേരള ലളിതകലാ അക്കാദമി സെക്രട്ടറി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

## ഉത്തരവ്

ശ്രീ. രവിശങ്കറിന് ചികിൽസാ സഹായം നൽകണമെന്ന് ആവശ്യപ്പെട്ട് സഹോദരൻ ശ്രീ കെ.എ. രാജീവ് പരാമർശം 1 പ്രകാരം അപേക്ഷ നൽകിയിരുന്നു. പക്ഷാഘാതം പിടിപെട്ട് ടിയാൻ ഒൻപത് മാസമായി ചികിൽസയിലായിരുന്നു. അവസാന നാളുകളിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ അത്യാസന്ന നിലയിൽ ഡയാലിസിസും ഓക്സിജൻ സപ്പോർട്ടുമായി കഴിയുകയായിരുന്നു. ശ്രീ. രവിശങ്കറിന് ധനസഹായം അനുവദിക്കണമെന്ന് കേരള ലളിതകലാ അക്കാദമി സെക്രട്ടറിയും പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ഭാര്യയും മക്കളും ഉപേക്ഷിച്ചുപോയ ടിയാന് ബന്ധുക്കളുടേയും മറ്റ് സുഹൃത്തുക്കളുടേയും സഹായത്താലാണ് ചികിൽസ ലഭ്യമാക്കിയിരുന്നത്. ഒരു ഹോം നഴ്സിന്റെ സഹായവും ഏർപ്പാടാക്കിയിരുന്നു. 31.03.2019-ൽ ശ്രീ. രവിശങ്കർ മരണപ്പെട്ടു. ശ്രീ. രവിശങ്കറിന്റെ ദീർഘകാല ചികിൽസയ്ക്ക് സഹോദരനായ ശ്രീ രാജീവിനും സുഹൃത്തുക്കൾക്കും വലിയൊരു തുക ചിലവായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആയത് ഒരു പ്രത്യേക കേസായി കണക്കിലെടുത്ത്, ഗുരുതരമായ വൃക്കരോഗവും പക്ഷാഘാതവും ബാധിച്ച് മരണപ്പെട്ട കേരള ലളിതകലാ അക്കാദമിയിൽ നിർവ്വാഹക സമിതി അംഗമായിരുന്ന ആർട്ടിസ്റ്റ് രവിശങ്കറിന്റെ ചികിൽസയ്ക്കായി ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ചികിൽസയ്ക്ക് ചെലവായ ആകെ തുക എത്രയെന്നതുൾപ്പെടെയുള്ള ജില്ലാകളക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാകളക്ടർ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് തുക വിതരണം ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
തഹസിൽദാർ, അമ്പലപ്പുഴ
സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ ഫണ്ട്സ് വകുപ്പ്.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Bindumol K N
സെക്ഷൻ ഓഫീസർ